പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2811 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യ സമൃദ്ധി പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ഓരോ ജില്ലയിലുമുള്ള ആളുകളുടെ ഇഷ്ടവും രുചിതാൽപര്യവും അനുസരിച്ച് മീനുകളെ വളർത്തുന്ന മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: കേരളത്തിന്റെ സമൃദ്ധമായ ജലവിഭവശേഷി ഫലപ്രദമായി വിനിയോഗിച്ച് ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുക, മത്സ്യകർഷകരുടെ വരുമാനം ഉയർത്തുക, പ്രാദേശികതലത്തിൽ തൊഴിലും ഉപജീവനമാർഗങ്ങളും സൃഷ്ടിക്കുക, സംസ്ഥാനത്തിന്റെ ഭക്ഷ്യ-മാംസ്യ സുരക്ഷ ശക്തിപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് മുഖ്യമന്ത്രി മത്സ്യസമൃദ്ധി പദ്ധതി (CMMSP) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 44 നദികൾ, ഏകദേശം 34,990 ഹെക്ടർ ജലസംഭരണികൾ, 27,625 ഹെക്ടർ ചെറുതും വലുതുമായ കുളങ്ങൾ, വൈവിധ്യമാർന്ന പാടശേഖരങ്ങൾ തുടങ്ങിയ വിപുലമായ ജലവിഭവശേഷിയാണ് കേരളത്തിനുള്ളത്. ഈ വിഭവശേഷിയെ മത്സ്യകൃഷിയുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കുന്നതിനാണ് "എവിടെയെല്ലാം ജലാശയം അവിടെല്ലാം മത്സ്യകൃഷി" എന്ന കാഴ്ചപ്പാടോടെ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

വീട്ടുവളപ്പിലെ ചെറിയ കുളങ്ങളിൽ മുറ്റത്തൊരു മീൻതോട്ടം മുതൽ പൊതുകുളങ്ങളിലെ മത്സ്യകൃഷി, പാടശേഖരങ്ങളിലെ സംയോജിത മത്സ്യകൃഷി, കായലുകളിലെയും ജലസംഭരണികളിലെയും കൂടുകൃഷി (Cage Culture), അനുയോജ്യമായ ജലാശയങ്ങളിലെ വിവിധ മത്സ്യകൃഷി രീതികൾ എന്നിവയിലൂടെ ജലസമ്പത്തിനെ ഉൽപ്പാദനക്ഷമമായ സമ്പത്താക്കി മാറ്റാൻ കഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ജനകീയ കൂട്ടായ്മകളും കർഷകരുടെ സജീവ പങ്കാളിത്തവും ഉറപ്പാക്കുന്നതിലൂടെ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ജലവിഭവങ്ങളെ പ്രാദേശിക മത്സ്യോൽപ്പാദന കേന്ദ്രങ്ങളാക്കി മാറ്റാനും സാധിക്കും.

(ബി) നിലവിൽ സംസ്ഥാനത്ത് നടക്കുന്ന വിവിധ മത്സ്യക്കൃഷി പദ്ധതികളെ ഏകോപിപ്പിച്ചും ശാസ്ത്രീയമായി പുനരാവിഷ്കരിച്ചുമാണോ പദ്ധതി നടപ്പാക്കുകയെന്ന് അറിയിക്കുമോ;

മറുപടി: സംസ്ഥാനത്ത് നിലവിലുള്ള മത്സ്യകൃഷി പദ്ധതികളുടെ തുടർച്ച ഉറപ്പാക്കുന്നതിനോടൊപ്പം അഞ്ച് വർഷത്തിലധികമായി പ്രവർത്തനരഹിതമായ മത്സ്യകൃഷി യൂണിറ്റുകളുടെ നവീകരണവും പുനരുജ്ജീവനവും സാധ്യമാക്കുകയും, നൂതന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും

പുതിയ മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആവശ്യമായ പിന്തുണ ഉറപ്പാക്കികൊണ്ട് സംസ്ഥാനത്തെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതിയുടെ പ്രധാന ലക്ഷ്യം.സംസ്ഥാനത്ത് നിലവിലുള്ള മത്സ്യകൃഷി പദ്ധതികളുടെ തുടർച്ച ഉറപ്പാക്കുന്നതിനോടൊപ്പം അഞ്ച് വർഷത്തിലധികമായി പ്രവർത്തനരഹിതമായ മത്സ്യകൃഷി യൂണിറ്റുകളുടെ നവീകരണവും പുനരുജ്ജീവനവും സാധ്യമാക്കുകയും, നൂതന മത്സ്യകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ മത്സ്യകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിനും ആവശ്യമായ പിന്തുണ ഉറപ്പാക്കികൊണ്ട് സംസ്ഥാനത്തെ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) പുതിയ പദ്ധതി പ്രകാരം ഓരോ ജില്ലക്കാരുടെയും അഭിരുചിക്കനുസരിച്ചുള്ള മത്സ്യക്കൃഷിയാണോ ലക്ഷ്യമെന്ന് വ്യക്തമാക്കുമോ; പുതിയ പദ്ധതിയിൽ വകുപ്പ് മുന്നോട്ട് വയ്ക്കുന്ന 'എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യക്കൃഷി' എന്ന ആശയത്തെക്കുറിച്ച് വിശദമാക്കുമോ?

<u>മറുപടി:</u> മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതിയിൽ രീതി കേന്ദ്രീകൃത മത്സ്യ വളർത്തൽ സംവിധാനത്തിനാണ് ഊന്നൽ നൽകുന്നത്.

ജലസമ്പത്തിന്റെ ഫലപ്രദമായ വിനിയോഗത്തിലൂടെ മത്സ്യോൽപ്പാദനം വർധിപ്പിക്കുക, മത്സ്യകർഷകർക്ക് ഉപജീവനമാർഗം ഉറപ്പാക്കുക, സംസ്ഥാനത്തിന്റെ മത്സ്യലഭ്യത വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള ഒരു വികസന കാഴ്ചപ്പാടാണ് "എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി" എന്ന ആശയം.

കേരളത്തിൽ കുളങ്ങൾ, തോടുകൾ, കായലുകൾ, പാടശേഖരങ്ങൾ, ജലസംഭരണികൾ, മറ്റ് അനുയോജ്യമായ ജലാശയങ്ങൾ എന്നിവയുൾപ്പെടെ മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്താവുന്ന വിപുലമായ ജലവിഭവങ്ങളുണ്ട്. ഇവയിൽ മത്സ്യകൃഷിക്ക് അനുയോജ്യമായവ കണ്ടെത്തി, അവയുടെ സ്വഭാവത്തിനും ജലലഭ്യതയ്ക്കും പാരിസ്ഥിതിക പ്രത്യേകതകൾക്കും അനുസൃതമായി ശാസ്ത്രീയമായ മത്സ്യകൃഷി രീതികൾ നടപ്പിലാക്കുകയാണ് ഈ ആശയത്തിന്റെ കാതൽ.

സെക്ഷൻ ഓഫീസർ